"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു ഭരണ വകുപ്പ്-പിറവം പ്രോജക്ട് സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ഫിനാൻഷ്യൽ അസിസ്റ്റന്റ് (കെഎഎസ്) തസ്തികയുടെ പൂർണ്ണ അധിക ചുമതല വഹിച്ച കാലയളവിലേക്ക് സീനിയർ സൂപ്രണ്ട് ശ്രീ. സുരേഷ് ആന്റണി-യ്ക്ക് ചാർജ് അലവൻസ് അനുവദിച്ച് നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (സ്പെഷ്യൽ ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.65/2026/GAD തീയതി,തിരുവനന്തപുരം, 06-01-2026

---

പരാമർശം:
1. പിറവം പ്രോജക്ട് സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ 19.03.2025-ലെ ഇ1/806/2021 നമ്പർ നടപടിക്രമം.
2. ചീഫ് എഞ്ചിനീയർ (ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ) -ന്റെ 01.08.2025-ലെ CEIA/3946/2025-B1 നമ്പർ കത്ത്.
3. സ.ഉ.(സാധാ) നം. 4135/2025/GAD, തീയതി 24.09.2025.

**ഉത്തരവ്**

പരാമർശം (1) പ്രകാരം പിറവം പ്രോജക്ട് സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ഫിനാൻഷ്യൽ അസിസ്റ്റന്റ് (കെഎഎസ്) തസ്തികയുടെ പൂർണ്ണ അധിക ചുമതല ടി കാര്യാലയത്തിലെ സീനിയർ സൂപ്രണ്ടായ ശ്രീ. സുരേഷ് ആന്റണി-യ്ക്ക് നൽകി ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ, ശ്രീ. സുരേഷ് ആന്റണിക്ക്, പ്രസ്തുത തസ്തികയുടെ പൂർണ്ണ അധിക ചുമതല വഹിച്ചിരുന്ന 20.03.2025 മുതൽ 01.06.2025 വരെയുള്ള കാലയളവിലേക്ക് ചാർജ് അലവൻസ് അനുവദിച്ച് ഉത്തരവാകണമെന്ന് ചീഫ് എഞ്ചിനീയർ (ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ) പരാമർശം (2) പ്രകാരം സർക്കാരിലേക്ക് അഭ്യർത്ഥിച്ചിരുന്നു. തുടർന്ന് പിറവം പ്രോജക്ട് സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ഫിനാൻഷ്യൽ അസിസ്റ്റന്റ് (കെഎഎസ്) തസ്തികയുടെ പൂർണ്ണ അധിക ചുമതല, ടി കാര്യാലയത്തിലെ സീനിയർ സൂപ്രണ്ടായ ശ്രീ. സുരേഷ് ആന്റണിയ്ക്ക് നൽകിയ ചീഫ് എഞ്ചിനീയറുടെ നടപടിയ്ക്ക് പരാമർശം (3) പ്രകാരം സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പിറവം സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ഫിനാൻഷ്യൽ അസിസ്റ്റന്റ് (കെഎഎസ്) തസ്തികയുടെ പൂർണ്ണ അധിക ചുമതല വഹിച്ച പ്രസ്തുത കാര്യാലയത്തിലെ സീനിയർ സൂപ്രണ്ട് ശ്രീ. സുരേഷ് ആന്റണിയ്ക്ക്, കേരള സർവീസ് ചട്ടങ്ങൾ ഭാഗം. I, ചട്ടങ്ങൾ 53 (b) (2) [as amended vide G.O(P) No 88/2017/Fin dated 11.07.2017], 53 A II (C), 53 (c) എന്നിവ പ്രകാരം അധിക തസ്തികയുടെ ശമ്പള സ്കെയിലിന്റെ മിനിമത്തിന്റെ 4 % എന്ന നിരക്കിൽ 20.03.2025 മുതൽ

01.06.2025 വരെയുള്ള കാലയളവിലേയ്ക്ക് ചാർജ്ജ് അലവൻസ് അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചിത്രലേഖ കെ കെ കെ എ എസ്
അണ്ടർ സെക്രട്ടറി

ചീഫ് എഞ്ചിനീയർ (ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ), ജലസേചന വകുപ്പ്, തിരുവനന്തപുരം.
സൂപ്രണ്ടിംഗ് എഞ്ചിനീയർ, പ്രോജക്ട് സർക്കിൾ, പിറവം (ചീഫ് എഞ്ചിനീയർ (ഐ&എ) മുഖേന).
അക്കൗണ്ട്സ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (31.12.2025-ലെ E.3290801-EXP-A2/522/2025-FIN നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം).
പൊതുഭരണ (ഇ-അഡ്മിനിസ്ട്രേഷൻ) വകുപ്പ്.
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Noushad S
Date: 07-01-2026 12:11:44

സെക്ഷൻ ഓഫീസർ